മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 17

# വാർത്താക്കുറിപ്പ് (3)

---

## വൈജ്ഞാനിക സമ്പദ് വ്യവസ്ഥയാകുന്നതിന് അക്കാദമിക സമൂഹത്തിന്റെ പങ്കാളിത്തം വേണം ഡോ. പി. എസ് ശ്രീകല

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയാക്കി വളർത്തുന്നതിനുള്ള പ്രയത്നത്തിൽ സജീവ പങ്കാളികളാകാൻ അക്കാദമിക സമൂഹത്തിന് കഴിയണമെന്ന് കേരള നോളജ് എക്കോണമി മിഷൻ ഡയറക്ടറായ ഡോ. പി. എസ് ശ്രീകല പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവൽ യുനോയ 2023ൻറെ ഭാഗമായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ജ്ഞാന സമ്പദ് വ്യവസ്ഥയും യുവതയും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു ഡോ. പി. എസ് ശ്രീകല.

പരിമിതികളിൽ നിന്നുള്ള വികസനം എന്ന ആശയമാണ് കേരളം ലോകത്തിന് കാട്ടിക്കൊടുക്കുന്നത്. വിദ്യാഭ്യാസത്തെ മൂലധനമാക്കി യുവതലമുറ നടത്തുന്ന മുന്നേറ്റം പ്രോത്സാഹനമർഹിക്കുന്നു. ഈ പ്രയാണത്തിൽ അറിവ് ഏതെങ്കിലുമൊരിടത്ത് കേന്ദ്രീകരിക്കുന്ന സാഹചര്യമുണ്ടാകരുത്-അവർ കൂട്ടിച്ചേർത്തു.

ഡോ. രാജേഷ് മണി ആമുഖ പ്രസംഗം നടത്തി. സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി എന്നിവർ സന്നിഹിതരായിരുന്നു.

(പി.ആർ.ഒ./39/70/2023)

## വിഷയത്തെ നിർവചിക്കാൻ ഗവേഷണ പ്രബന്ധങ്ങൾക്ക് കഴിയണം

ഗവേഷണ വിഷയത്തെ കൃത്യമായും വ്യക്തമായും നിർവചിക്കുംവിധമാണ് പ്രബന്ധം തയ്യാറാക്കേണ്ടതെന്ന് എം.ജി. സർവകലാശാലാ ഗ്ലോബൽ അക്കാദമിക് കാർണിവലിനോടനുബന്ധിച്ച നടന്ന ശിൽപ്പശാലയിൽ പങ്കെടുത്ത വിദഗ്ധർ ചൂണ്ടിക്കാട്ടി.

പ്രബന്ധങ്ങള് ആത്മകഥയല്ല. വാദമുഖങ്ങളെ സാധൂകരിക്കുന്നതിന് തെളിവുകളും വസ്തുതകളും ഉൾപ്പെടുത്താനാകണമെന്ന് പ്രഫ. എം.കെ. കൃഷ്ണൻ പറഞ്ഞു. ഗവേഷണ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ച് ചലച്ചിത്ര നിരൂപകൻ സി.എസ്. വെങ്കിടേശ്വരനും ദാമോദർ പ്രസാദും വിശദമാക്കി. കോട്ടയം സി.എം.എസ് കോളേജ് പ്രിൻസിപ്പൽ ഫാ. വർഗീസ് സി. ജോഷ്വ അധ്യക്ഷത വഹിച്ചു. പ്രഫ. ഡോ.ഇസ്മയിൽ താമരശ്ശേരി മോഡറേറ്റായിരുന്നു.

........................

(പി.ആർ.ഒ./39/71/2023)

**ഗവേഷണങ്ങൾ സമൂഹത്തിന് ഗുണകരമാകണം-ശിൽപ്പശാല**

സമൂഹത്തിന് ഗുണകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന വിധത്തില് പാഠ്യപദ്ധതികൾ പരിഷ്കരിക്കേണ്ടതുണ്ടെന്ന് എം.ജി. സർവകലാശാലാ അക്കാദമിക് കാർണിവലിലെ ശിൽപ്പശാലയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ട്രാൻസ് ലേഷണൽ റിസർച്ച് ആന്റ് ഇന്നവേഷൻ എന്ന വിഷയത്തിൽ ബസേലിയോസ് കോളജിൽ നടന്ന ശിൽപ്പശാല ഗവേഷണങ്ങളുടെ സാമൂഹിക പ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്തു.

എംജി സർവകലാശാല പ്രോ വൈസ് ചാൻസലർ  പ്രൊഫ.ഡോ.സി.ടി അരവിന്ദ് കുമാർ, ഐ.സി.എ.ആർ സീനിയർ സയൻറിസ്റ്റ് ഡോ. സി.എ. ജയപ്രകാശ്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ അസിസ്റ്റൻറ് മാനേജർ ഡോ. ദീപു കൃഷ്ണൻ, എം.ജി. സർവകലാശാലാ ബിസിനസ് ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ ഡോ. ഇ കെ രാധാകൃഷ്ണൻകോട്ടയം ബസേലിയോസ് കോളേജ് അസിസ്റ്റൻറ് പ്രഫസർ ഡോ.ജ്യോതി സൂസൻ എബ്രഹാം എന്നിവർ സംസാരിച്ചു

(പി.ആർ.ഒ./39/72/2023)
പബ്ലിക് റിലേഷൻസ് ഓഫീസർ